# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.15</u>    <u>06.01.2014 ൽ മറുപടിയ്ക്ക്</u>

## മുഖ്യമന്ത്രിയുടെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി

<u>ചോദ്യം</u>

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
" വി.ഡി.സതീശൻ
" എ.റ്റി. ജോർജ്
" സി.പി. മുഹമ്മദ്

<u>മറുപടി</u>

ശ്രീ.ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| എ) മുഖ്യമന്ത്രിയുടെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) പൂർത്തിയാക്കിയിട്ടുണ്ട്. 2013 ഒക്ടോബർ 18 ന് തിരുവനന്തപുരത്ത് ആരംഭിക്കുകയും 2013 ഡിസംബർ 18 ന് കണ്ണൂരിൽ അവസാനിക്കുകയും ചെയ്തു. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പരിപാടിയിലൂടെ കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) ഭരണ സംവിധാനത്തെ സാധാരണ ജനങ്ങൾക്ക് നേരിട്ട് പ്രാപ്യമാക്കുക വഴി അവരുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരം കാണുക എന്നതാണ് ജനസമ്പർക്ക പരിപാടിയുടെ മുഖ്യ ലക്ഷ്യം. കൂടാതെ ഭരണാധികാരികൾക്ക് ജനകീയ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുവാനും ഇവ പരിശോധിച്ച് പ്രശ്ന പരിഹാരത്തിന് നയപരമായ തീരുമാനം എടുക്കുക, ജനങ്ങളുടെ പരാതികളും ആവശ്യങ്ങളും നേരിട്ട് കേട്ട് പരിഹാരം കണ്ടെത്തുക, ഭരണ നടപടികൾ കൂടുതൽ ജനകീയവും സുതാര്യവും കാര്യക്ഷമവും ആക്കുക, സമൂഹത്തിലെ അവശജന വിഭാഗങ്ങൾക്ക് അടിയന്തിരമായി സഹായം/ പരാതി പരിഹാരം കാണുക എന്നിവയാണ് ജനസമ്പർക്ക പരിപാടിയുടെ മറ്റു ലക്ഷ്യങ്ങൾ. |

| | |
|---|---|
| സി) ഏതെല്ലാം കാര്യങ്ങൾക്കാണ് പ്രസ്തുത പരിപാടിയിൽ പരിഹാരം കണ്ടെത്താനായത്; വിശദമാക്കുമോ; | സി) ജനസമ്പർക്ക പരിപാടിയിലൂടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം, വികലാംഗർക്കുള്ള ചലനസഹായോപകരണങ്ങളും, പെൻഷനും വിവിധ ക്ഷേമപെൻഷനുകൾ, ഇലക്ട്രിക് കണക്ഷൻ, കുടിവെള്ള കണക്ഷൻ, കുടിവെള്ള പദ്ധതി തുടങ്ങിയ വിഷയങ്ങളിൽ നിയമവും ചട്ടവും പ്രകാരമുള്ള സത്വര തീരുമാനങ്ങൾ കൈക്കൊണ്ടു. കൂടാതെ അർഹരായവർക്ക് ബി.പി.എൽ കാർഡ് നൽകാനും തീരുമാനിച്ചിട്ടുണ്ട്. |
| ഡി) രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തടസ്സമായിട്ടുള്ള നിയമങ്ങളിലും ചട്ടങ്ങളിലും കൂടുതൽ മാറ്റങ്ങൾ വരുത്തേണ്ട കാര്യം പരിഗണിക്കുമോ? | ഡി) നിലവിലുള്ള ചില ചട്ടങ്ങളും നിയമങ്ങളും പല ജനകീയ പ്രശ്നങ്ങളും പരിഹരിക്കുന്നതിനു തടസ്സമാണെന്നു മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ അവ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പല പുതിയ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |

Kulakuth

സെക്ഷൻ ഓഫീസർ